ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ആധുനികവൽക്കരണം

115. [1254] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന കാലത്ത് ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തുന്ന മദ്ധ്യതിരുവിതാംകൂറിലെ പ്രാചീന പട്ടണമായ പന്തളത്ത് നിലവിലുള്ള കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ എ.റ്റി.ഒ. ഓഫീസായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) എം.പി. ഫണ്ടിൽനിന്നും ലഭിച്ച തുക ചെലവു ചെയ്ത് പന്തളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് ആവശ്യമായ കെട്ടിടങ്ങളുടെ പണി പൂർത്തിയായി വരുന്ന സാഹചര്യത്തിൽ പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോ ആധുനികവൽക്കരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ നടത്തിവരുന്ന ആധുനിക സാനിറ്റേഷൻ സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ആധുനികവൽക്കരിക്കുവാൻ ഉള്ള നടപടികൾ ഉടൻ ആരംഭിക്കുവാൻ സാധിക്കുകയില്ല. എങ്കിലും യാത്രക്കാർക്കും, ജീവനക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

(സി) ടൂറിസം ഡിപ്പാർട്ടുമെന്റ് സഹകരിച്ചാൽ ആവശ്യമുള്ള സ്ഥലം അതിലേയ്ക്കായി നൽകും.

കാസർഗോഡ് ജില്ലാ സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി

116 [1255] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപരിപഠനത്തിനായി അയൽ സംസ്ഥാനത്തെ വിവിധ കോളേജുകളെ ആശ്രയിക്കുന്ന കാസർഗോഡ് ജില്ലയിലെ വിദ്യാർത്ഥികൾക്ക് അന്തർ സംസ്ഥാന റൂട്ടിൽ സ്വകാര്യ-ട്രാൻസ്പോർട്ട് ബസ്സുകളിൽ കൺസെഷൻ ലഭ്യമാക്കാൻ കാസർഗോട് ജില്ലാ സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി യോഗം ചേർന്ന് തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ ഈ തീരുമാനത്തിനെതിരെ സ്വകാര്യ ബസ്സുടമകൾ കോടതിയിൽനിന്ന് സ്റ്റേ നേടിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly